(ജി) സർക്കാർ പരിശോധിച്ചു നടപടികൾ സ്വീകരിക്കുന്നതാണ്.

ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കാൻ നടപടി

42 (2755) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തിക ഇല്ലാതെയുണ്ട് ;

(ബി) ഈ ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കണമെന്ന് പ്രസ്തുത വകുപ്പിലെ ഏതെങ്കിലും സംഘടന നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സംഘടനയെന്ന് വ്യക്തമാക്കാമോ ;

(സി) ടൈപ്പിസ്റ്റ് തസ്തികയില്ലാത്ത ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കണമെന്ന് നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (1993-95) അതിന്റെ 13-ാ മത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ 15-5-1998-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി അധിക തസ്തികകൾ അനുവദിച്ചപ്പോൾ ടൈപ്പിസ്റ്റ് തസ്തിക ഇല്ലാത്ത ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം എന്ത് ;

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് ആഫീസുകളിൽ ജോലിഭാരം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമത നിലനിർത്തുന്നതിനായി ടൈപ്പിസ്റ്റ് തസ്തിക ഉടനടി അനുവദിക്കുമോ ?

ഉത്തരം

(എ) 1. കേരള അഗ്രിക്കൾച്ചറൽ കോളേജ് ഓഡിറ്റ്.
2. എസ്.ഐ. ഇ. പി. ഓഡിറ്റ്.
3. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റ്.
4. ട്രെയിനിംഗ് സെന്റർ ഫോർ ഓഡിറ്റേഴ്സ്.
5. ട്രിഡ ഓഡിറ്റ്.
6. ടൂറിസം വീക് സെലിബ്രേഷൻ ഓഡിറ്റ്.
7. കോഴിക്കോട് വികസന അതോറിറ്റി ഓഡിറ്റ്.
8. മുനിസിപ്പൽ ഓഡിറ്റ്, വടകര.
9. മുനിസിപ്പൽ ഓഡിറ്റ്, കാസർഗോഡ്.
10. മുനിസിപ്പൽ ഓഡിറ്റ്, ആലുവ.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) സർക്കാർ ഉത്തരവ് നം. ജി. ഒ. (എം.എസ്.) നം. 1459/98/ധന തീയതി 15-5-1998 പ്രകാരം ടൈപ്പിസ്റ്റുമാരുടെ 13 അധിക തസ്തികകൾ അനുവദിക്കുകയുണ്ടായി. ടൈപ്പിസ്റ്റ് തസ്തികകൾ ജില്ലാ ഓഫീസുകളിലേയ്ക്കാണ് അനുവദിച്ചത്. നിലവിൽ ടൈപ്പിസ്റ്റ് തസ്തിക ഇല്ലാതിരുന്ന ഓഫീസുകളിൽ പുതിയ തസ്തിക അനുവദിച്ചിട്ടില്ല.

(ഇ) ആഡിറ്റ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച് അന്തിമ തീരുമാനമായശേഷമേ പുതിയ തസ്തികകൾ അനുവദിക്കാൻ നിർവ്വാഹമുള്ളൂ.

സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ ഓഫീസ് മലപ്പുറത്തേയ്ക്ക് മാറ്റിയ നടപടി

43 (2756) ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ പ്രവർത്തിച്ചു വന്നിരുന്ന സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ ഏതെങ്കിലും ഓഫീസ് മലപ്പുറത്തേയ്ക്ക് മാറ്റിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ ;

(സി) ഇപ്രകാരം മാറ്റാനായി ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ എങ്കിൽ ആരാണ് ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഓഫീസ് മഞ്ചേരിയിൽ തന്നെ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അധികാര വികേന്ദ്രീകരണം കണക്കിലെടുത്ത് ഭരണ സൗകര്യാർത്ഥം വകുപ്പിന്റെ ജില്ലാ ഓഫീസ് ജില്ലാ ആസ്ഥാനത്തേക്ക് മാറ്റി.

(സി & ഡി) ആവശ്യപ്പെട്ടിട്ടില്ല. അധികാര വികേന്ദ്രീകരണത്തെ തുടർന്ന് ഭരണ സൗകര്യാർത്ഥമാണ് ജില്ലാ ആസ്ഥാനത്തേക്ക് ജില്ലാ ഓഫീസ് മഞ്ചേരിയിൽനിന്നും മലപ്പുറത്തേയ്ക്ക് മാറ്റിയത്.

സ്റ്റാമ്പ് ഡ്യൂട്ടി വ്യവസ്ഥ

44 (2757) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വസ്തു കൈമാറ്റം നടത്തുന്നതിന് നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന്റെ പ്രതിവർഷ വരുമാനം എന്തു തുക വരുമെന്നും ഈ തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly